മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 5

# വാർത്താക്കുറിപ്പ്

---

## പി.എച്ച്.ഡി എൻട്രൻസ് പരീക്ഷ മാറ്റി

ജൂലൈ ഒൻപത് (ശനി), പത്ത് (ഞായർ) തീയതികളിൽ കോട്ടയം സി.എം.എസ്. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന പി.എച്ച്.ഡി പ്രവേശന പരീക്ഷ 2022 യഥാക്രമം ജൂലൈ 16 (ശനി), 17 (ഞായർ) തീയതികളിലേക്ക് മാറ്റി വച്ചു. വിശദവിവരങ്ങൾക്ക് http://phd.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0481-2732947 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/859/2022)

## പി.എച്ച്.ഡി എൻട്രൻസ്: അപേക്ഷ പൂർത്തികരിക്കാൻ അവസരം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പി.എച്ച്.ഡി. പ്രവേശന പരീക്ഷക്ക് വേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിച്ചപ്പോൾ ഫീസ് അടച്ചതിന് ശേഷം അപേക്ഷ പൂർത്തീകരിക്കാൻ കഴിയാതിരുന്ന അപേക്ഷകർക്കായി ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ ജൂലൈ ഏഴ്, എട്ട് തീയതികളിലായി തുറന്നു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 0481-2732947 എന്ന നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/860/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലക്ക് കീഴിൽ കോട്ടയം, തലപ്പാടിയിൽ പ്രവർത്തിക്കുന്ന അന്തർ സർവ്വകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിലേക്ക് ടെക്നീഷ്യൻ കം ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ ഓപ്പറേറ്ററുടെ ഒരൊഴിവിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദാംശങ്ങൾ www.iucbr.ac.in എന്ന വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/861/2022)

## പ്രഭാഷണം ഇന്ന് (ജൂലൈ 6)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ 'ആയുർവേദിക് മാനേജ്മന്റ് ഓഫ് കോവിഡ് ആൻഡ് പോസ്റ്റ് കോവിഡ് കോംപ്ലിക്കേഷൻസ് ' എന്ന വിഷയത്തെ അധികരിച്ച് പ്രമുഖ ആയുർവേദ ഡോക്ടർ വൈദ്യരത്നം ഡോ രാഘവൻ രാമൻകുട്ടിയുടെ പ്രഭാഷണം ഇന്ന് (ജൂലൈ 6) വൈകിട്ട് 5ന് നടക്കും. ഡോ. രാഘവൻ രാമൻകുട്ടി രാജ്യാന്തര പ്രശസ്തി ആർജിച്ച ആയുർവേദ ഡോക്ടറും കോവിഡ്, മൾട്ടിപ്പിൾ സ്ക്ലിറോസിസ് തുടങ്ങിയവയുടെ ചികിത്സമേഖലകളിൽ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തിയും കൂടിയാണ്. https://meet.google.com/hhd-zyns-brd എന്ന ലിങ്ക് ഉപയോഗിച്ച് പരിപാടിയിൽ ഓൺലൈൻ ആയി പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9446711043.

(പി.ആർ.ഒ./39/862/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ എം.ടെക് എനർജി സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒന്നും ജനറൽ, എസ്.സി. വിഭാഗങ്ങളിൽ രണ്ടും വീതം സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ജൂലൈ ഏഴ് രാവിലെ 11 ന് സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഓഫീസിൽ സി.എ.പി. സെല്ലിൽ റൂം നമ്പർ 88 ബി യിൽ നേരിട്ട് ഹാജരാകേണ്ടതാണ്. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുകയോ 8281082083 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/863/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി വകുപ്പിൽ എം.ടെക്. നാനോ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ (നാല്), എസ്.സി. (രണ്ട്), എസ്.ടി. (ഒന്ന്) എം.എസ്.സി. നാനോ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ (നാല്), എസ്.സി. (രണ്ട്) വീതം സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി ജൂലൈ എട്ടിന് രാവിലെ 11 ന് സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ഓഫീസിൽ സി.എ.പി. സെല്ലിൽ റൂം നമ്പർ 88 ബി യിൽ നേരിട്ട് ഹാജരാകേണ്ടതാണ്. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുകയോ 9447712540 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/864/2022)

## അപേക്ഷ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു., എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക്സ് ജേർണലിസം (2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2020-2019 അഡ്മിഷനനുകൾ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ജൂലൈ നാല് മുതൽ ഏഴ് വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ എട്ട് മുതൽ 11 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 12 നും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/865/2022)

## പരീക്ഷാ ഫലം

2021 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.സി.എ. (റെഗുലർ / സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത നിരക്കിലുള്ള ഫീസ് സഹിതം ജൂലൈ 19 വരെ സർവ്വകലാശാലയിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/866/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ് )
അനിൽകുമാർ ജി.